**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)

**പതിമൂന്നാമത് റിപ്പോർട്ട്**

(2025 ഒക്ടോബർ മാസം 9 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സാമൂഹ്യനീതി വകുപ്പുമായി 13-8-2024-ാം തീയതിയിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

(2025 ഒക്ടോബർ മാസം 9 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

(സാമൂഹ്യനീതി വകുപ്പുമായി 13-8-2024-ാം തീയതിയിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

1305/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 | .. | 11 |
| അനുബന്ധം 1I | .. | 16 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2023-2026)

**സമിതിയുടെ ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. എം.എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. റീന വി.ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ.എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2025 ഒക്ടോബർ മാസം 8-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*ചെയർപേഴ്സൺ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 ഒക്ടോബർ 9.

# ആമുഖം

ഭരണഘടനാനുസൃതമായി നിർമ്മിക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിയമനിർമ്മാണ സഭയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിലൂടെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളുടെ സംരക്ഷകരായി മാറുന്നതിന് സാമാജികർക്ക് കഴിയുന്നു. ആയതിനാൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ എന്നിവയും വിവിധ പൊതുമേഖല/ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകളും യഥാസമയം മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിക്കുന്ന നിയമസഭാ നടപടിച്ചട്ടങ്ങൾക്കു പുറമേ സമിതിയുടെ മുൻകാല റിപ്പോർട്ടുകളിലൂടെ ഇക്കാര്യം ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ടെങ്കിലും ഭരണ വകുപ്പുകൾ അവ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുകയും അതിനോടൊപ്പമുള്ള വിശദീകരണ സ്റ്റേറ്റ്മെന്റുകളിൽ വസ്തുനിഷ്ഠമല്ലാത്ത കാര്യങ്ങൾ നിരത്തി നിരന്തരം സഭയിൽ സമർപ്പിക്കുന്നതും സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. വകുപ്പുകളുടെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നതിനാലാണ് സമിതിക്ക് ഈ റിപ്പോർട്ട് സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നത്.

സർക്കാർ ഖജനാവിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന ധനം ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കുന്നുവെന്ന് പൊതുസമൂഹത്തിനു ബോധ്യപ്പെടുന്നത് പ്രസ്തുത സ്ഥാപനങ്ങൾ യഥാസമയം നിയമസഭയിൽ സമർപ്പിക്കുന്ന വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളിലൂടെയാണ്. മാത്രമല്ല, എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വം) എന്ന നിലയിലും ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നില്ലായെങ്കിൽ ആയത് നിയമസഭയോടും ജനാധിപത്യത്തോടുമുള്ള അവഹേളനമായി കണക്കാക്കപ്പെടുന്നു.

നിയമസഭയിൽ രേഖകൾ യഥാസമയം സമർപ്പിക്കുന്നതിലൂടെ അവ സസൂക്ഷ്മം പരിശോധിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനും അവയുടെ വളർച്ചയ്ക്ക് പ്രേരകമാകാവുന്ന ശിപാർശകൾ സാമാജികർക്ക് സഭയിലും സമിതികളിലും ഉന്നയിക്കാനും അവ നടപ്പിലാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ വളർച്ച ദ്രുതഗതിയിലാക്കാനും കഴിയും. റിപ്പോർട്ട് സമർപ്പണത്തിൽ നിരന്തരം കുടിശ്ശിക വരുത്തുന്ന പ്രവണത സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റിംഗിന് ഭംഗം വരുത്തുകയും തദ്വാരാ അവയുടെ തകർച്ചയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശിക വരുത്തിയതിനാൽ 13-8-2024-ന് വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ട് കുടിശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ നിർദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 1975 സെപ്റ്റംബർ 9 മുതൽ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച സാമൂഹ്യക്ഷേമ വകുപ്പിനെ പുനർനാമകരണം ചെയ്തതാണ് സാമൂഹ്യനീതി വകുപ്പ്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, മുൻതടവുകാർ തുടങ്ങിയവർക്കുവേണ്ടി ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും വകുപ്പിനുകീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 'Care, Protection, Empowerment' എന്നതാണ് സാമൂഹ്യനീതി വകുപ്പിന്റെ ആപ്തവാക്യം.

2. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഇവയാണ്.

1. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്
2. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ
3. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (വി-കെയർ)
4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ് (NISH)
5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR)
6. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്
7. ഓർഫനേജ് കൺട്രോൾ ബോർഡ്

3. റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ സാമൂഹ്യനീതി വകുപ്പിന്റെ നടപടിയിൽ സമിതി അങ്ങേയറ്റത്തെ അതൃപ്തിയും നീരസവും 13-8-2024-ലെ തെളിവെടുപ്പ് യോഗത്തിൽ പ്രകടിപ്പിക്കുകയും രേഖകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തരുതെന്നും കുടിശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും നിർദേശിക്കുകയും ചെയ്തു

4. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഓരോ സ്ഥാപനത്തിന്റെയും റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

### 1. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്

5. കേരളത്തിലെ പത്തു ലക്ഷത്തിലധികം വരുന്ന ഭിന്നശേഷിക്കാർക്ക് സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കാനും അവരുടെ അവകാശ സംരക്ഷണത്തിനുമായി 1999-ൽ സ്ഥാപിതമായ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, ഇന്ത്യൻ

പാർലമെന്റ് പാസ്സാക്കിയ The Persons with Disabilities, Equal Opportunities, Protection Of Rights & Full Participation Act, 1995 പ്രകാരവും 1995-ന്റെ സെക്ഷൻ 57 പ്രകാരവും, 2016-ലെ Rights of Persons with Disabilities Act പ്രകാരവുമാണ് പ്രവർത്തിക്കുന്നത്. വിവിധ വകുപ്പുകൾ മുഖേന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുക, അവരുടെ പരാതികൾക്ക് തീർപ്പ് കൽപ്പിക്കുക, ഭിന്നശേഷിക്കാർക്ക് അർഹതപ്പെട്ടത് അനർഹരായവർ കവർന്നെടുക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുക, ഭിന്നശേഷിക്കാർക്കുള്ള സേവന പദ്ധതികൾ കാര്യക്ഷമമാക്കുകയും അവ കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കളിൽ തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക, ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ നിയമത്തിന്റെ വിവിധ സാധ്യതകളെപ്പറ്റി അവരെ പൂർണ്ണ ബോധവാൻമാരാക്കുക, സമൂഹത്തിലെ നാനാ തുറകളിൽപ്പെട്ടവർക്ക് ഈ നിയമത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള അറിവ് പകർന്ന് നൽകുക, സർക്കാരിതര മേഖലയിൽ കൂടി നിയമത്തിന്റെ പ്രാധാന്യം എത്തിച്ചു കൊടുക്കുക, ഭിന്നശേഷിക്കാർക്കായി ഉദ്യോഗതലത്തിലുള്ള 4% സംവരണം എല്ലാ മേഖലകളിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയുള്ള ചുമതലകൾ കമ്മീഷണറേറ്റിൽ നിക്ഷിപ്തമാണ്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനുള്ള വിവിധ പദ്ധതികൾ, പരിപാടികൾ എന്നിവയും കമ്മീഷണറേറ്റ് മേൽനോട്ടം വഹിച്ചു വരുന്നു.

6. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട് 24-8-2020-ലും 2013-14, 2014-15 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 23-7-2021-ലും 2015-16-ലെ വാർഷിക റിപ്പോർട്ട് 18-3-2022-ലും 2018-19 വർഷത്തെ റിപ്പോർട്ട് 27-6-2024-ലും സഭയിൽ സമർപ്പിച്ചിരുന്നു. എന്നാൽ 2017-18 വർഷത്തേയും 2019-20 മുതൽ 2023-24 കാലയളവിലെ 6 വർഷത്തേയും റിപ്പോർട്ടുകൾ കുടിശികയായി നിലനിൽക്കുകയാണ്.

7. നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(ബി) പ്രകാരം റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ടെന്ന അറിവില്ലായ്മ മൂലമാണ് സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ സമർപ്പിക്കാൻ കാലതാമസമുണ്ടായതെന്ന സാമൂഹ്യനീതി വകുപ്പിന്റെ മറുപടി യുക്തിസഹമല്ലാത്തതാണെന്ന് സമിതി വിലയിരുത്തുന്നു.

8. നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ, നിയമസഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം റഫർ ചെയ്ത് ആയതിൻപ്രകാരം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2016-ലെ Rights to Persons with Disabilities Act-ലെ സെക്ഷൻ 83 പ്രകാരം വാർഷിക റിപ്പോർട്ടും സ്പെഷ്യൽ റിപ്പോർട്ടും, 88(6) സി & എജി ഓഡിറ്റ് ചെയ്ത പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടും സമിതിക്ക്

സമർപ്പിക്കണമെന്ന് പരാമർശിച്ചിട്ടുണ്ടെന്നും എന്നാൽ സ്പെഷ്യൽ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നാളിതുവരെ ലഭ്യമാക്കുന്നില്ലായെന്ന വസ്തുത സമിതി നിരീക്ഷിക്കുന്നു. അതോടൊപ്പം 2017-18-ലെ റിപ്പോർട്ടുകൾ നൽകാതെയാണ് 2018-19-ന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതെന്നും 2017-18-ലെ റിപ്പോർട്ടുകൂടി ലഭ്യമാക്കേണ്ടതുണ്ടെന്നും സമിതി വ്യക്തമാക്കി.

9. സ്ഥാപനത്തിന്റെ 2021-22 വരെയുള്ള റിപ്പോർട്ടുകൾ 7-8-2024-ൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നും ആയത് വെരിഫൈ ചെയ്യാൻ സമയം ആവശ്യമാണെന്നും ആയതിനാൽ സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ സമിതിക്ക് സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് സമിതിക്ക് ഉറപ്പു നൽകിയിട്ടുണ്ട്.

10. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ സ്പെഷ്യൽ റിപ്പോർട്ടും സി & എജി ഓഡിറ്റ് ചെയ്ത ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും ഇടമുറിയാതെ അതതു വർഷങ്ങളിൽ തന്നെ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് കുടിശിക റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 2. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

11. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ 1979-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. കാഴ്ച വൈകല്യമുള്ളവർ, ബധിരർ, മൂകർ, അസ്ഥി വൈകല്യമുള്ളവർ, മാനസിക വൈകല്യമുള്ളവർ എന്നിവരുടെ പുനരധിവാസത്തിനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കൂടാതെ, ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിലും ക്ഷേമത്തിലും ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു.

12. സ്ഥാപനത്തിന്റെ പേര് പുനർനാമകരണം ചെയ്യണമെന്ന സമിതി(2021-2023)-യുടെ ഒന്നാമത് റിപ്പോർട്ടിലെ 8-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 'കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്' എന്നത് 'കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്'' എന്ന് ഔദ്യോഗിക രേഖകളിൽ മലയാളത്തിൽ ഉപയോഗിക്കുന്നതിനായി അനുവദിച്ചുകൊണ്ട് 18-7-2025-ാം തീയതിയിൽ സ.ഉ(സാധാ) നം.193/2025/SJD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്.

13. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് 24-8-2020-ലും 2013-14, 2014-15 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 23-7-2021-ലും 2015-16 വർഷത്തെ റിപ്പോർട്ട് 18-3-2022-ലും 2016-17 വർഷത്തെ വാർഷിക റിപ്പോർട്ട് 6-12-2022-ലും 2017-18-ലെ വാർഷിക റിപ്പോർട്ട് 11-6-2024-ലും 2018-19-ലെ വാർഷിക റിപ്പോർട്ട് 17-9-2025 -ലും സഭയിൽ സമർപ്പിക്കുകയുണ്ടായി.

14. 2019-20 വർഷം മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ഇപ്പോഴും കുടിശ്ശികയാണ്. റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നും അക്ഷന്തവ്യമായ വീഴ്ച ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ഒരു തരത്തിലും ന്യായീകരിക്കാനാവുന്നതല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു.

15. 2019-20 മുതലുള്ള 5 വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കണമെന്നും, കമ്പനീസ് ആക്ട് പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടും ആയത് പുറംചട്ടയിൽ രേഖപ്പെടുത്താത്തത് മൂലം സഭാരേഖകളിൽ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അതിനാൽ തുടർന്ന് ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ രേഖപ്പെടുത്തൽ കൃത്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### 3. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (വി-കെയർ)

16. കേരള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന ജീവകാരുണ്യ പദ്ധതിയാണ് വി-കെയർ. ഭാരിച്ച ചികിത്സാച്ചെലവുള്ളതും സങ്കീർണവുമായ രോഗമുള്ളവർക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് വി-കെയർ. വൃക്ക മാറ്റിവെക്കൽ, കരൾ മാറ്റിവെക്കൽ, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കുള്ള ശസ്ത്രക്രിയയ്ക്കും മറ്റു അടിയന്തര ശസ്ത്രക്രിയകൾക്കും പദ്ധതി സഹായകമാകും. സർക്കാരിന്റെ ഒരു പദ്ധതിയിലും ഉൾപ്പെടാത്തവർക്കാണ് വി-കെയർ പദ്ധതിയിലൂടെ ചികിത്സ സഹായം നൽകുന്നത്. കേരള സാമൂഹ്യ സുരക്ഷ മിഷന്റെയും വി-കെയർ പദ്ധതിയുടെയും യാതൊരു റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

17. വി-കെയറിന്റെ Concept Note-ലെ Part III അഞ്ചാം ഖണ്ഡികയിൽ സ്ഥാപനത്തിന്റെ സോഷ്യൽ ഓഡിറ്റ് നടത്തണമെന്നും ഓഡിറ്റ് കഴിഞ്ഞതിനു ശേഷമുള്ള ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തോടുകൂടി തൊട്ടടുത്ത സാമ്പത്തികവർഷത്തിന്റെ ആദ്യ പകുതിയിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് Concept Note-ലെ Para 5-ലെ

അവസാനഭാഗമായി കൂട്ടിച്ചേർക്കണമെന്ന് 4-3-2014-ലെ GO(MS) No.21/2014/SJD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ വി-കെയറിന്റെ 2014-15 മുതലുള്ള വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടത് അനിവാര്യമാണ്.

18. റിപ്പോർട്ടുകൾ നിയമസഭയിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 2-6-2017, 7-3-2018, 5-2-2019, 17-3-2021, 30-12-2021, 31-7-2023, 20-7-2024 എന്നീ തീയതികളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്വമില്ലായ്മയായി സമിതി വിലയിരുത്തുന്നു. പദ്ധതി രൂപീകരണം മുതൽ നാളിതുവരെ ഒരു റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് ആശങ്ക ഉളവാക്കുന്ന കാര്യമായി സമിതി കരുതുന്നു.

19. റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിന്റെ റിമാർക്സ് ലഭ്യമാക്കാതെ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കാൻ പാടില്ലെന്ന വിവരം കേരള സാമൂഹ്യ സുരക്ഷ മിഷന് അറിയില്ലായിരുന്നുവെന്നും ഇപ്പോൾ വകുപ്പിന്റെ നിർദേശപ്രകാരം ഗവേണിംഗ് ബോഡി അംഗീകരിച്ച 2018-19 വരെയുള്ള റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2019-20-ലെ റിപ്പോർട്ട് ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ചത് തിരികെ ലഭിച്ചില്ലായെന്നും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അടുത്ത ഗവേണിംഗ് ബോഡി പരിഗണിക്കുമെന്നും 2021-22-ലെ ഓഡിറ്റ് റിപ്പോർട്ട് അന്തിമഘട്ടത്തിലാണെന്നും 2022-23 മുതലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പുതിയ ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയോഗിക്കുന്നതിന് ഗവേണിംഗ് ബോഡിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥാപനത്തിൽ സോഷ്യൽ ഓഡിറ്റുൾപ്പെടെ നടത്തേണ്ടതുണ്ടെന്നതിനാൽ റിപ്പോർട്ടുകൾ ആറ് മാസത്തിനകം സമർപ്പിക്കാമെന്നും വകുപ്പ് സമിതിക്ക് ഉറപ്പ് നൽകി.

20. സാമൂഹ്യനീതി വകുപ്പ് സാമൂഹ്യനീതിയെന്നും വനിത-ശിശുവികസനമെന്നും രണ്ടുവകുപ്പുകളായി വിഭജിച്ചതിന്റെ ഭാഗമായി ഫയലുകൾ കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ കെ.എസ്.എസ്.എം.-ൽ നിന്നും നൽകിയ 2014 മുതലുള്ള റിപ്പോർട്ടുകൾ മറ്റൊരു സെക്ഷനിൽ മാറിയിരിക്കുകയായിരുന്നുവെന്നും തെളിവെടുപ്പിന്റെ ഭാഗമായി ആ റിപ്പോർട്ടുകളെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് അക്കാര്യം കണ്ടെത്താൻ സാധിച്ചതെന്നും അതുകൊണ്ടാണ് റിപ്പോർട്ടുകൾ സമർപ്പിക്കാൻ വൈകിയതെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്നും കുടിശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലേയ്ക്കായി ആറ് മാസത്തെ സമയം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ആറുമാസം ആവശ്യപ്പെടുന്നുണ്ടെങ്കിലും അതിനുള്ളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകിയിരുന്നു. മേൽപ്പറഞ്ഞ രീതിയിലുള്ള വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്നും കുടിശിക റിപ്പോർട്ടുകൾ സമിതി അനുവദിച്ച സമയത്തിനുള്ളിൽ തന്നെ ലഭ്യമാക്കണമെന്നും സമിതി കർശന നിർദേശം നൽകുന്നു.

21. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (വി-കെയർ)-ന്റെ 2014-15 മുതലുള്ള കുടിശിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കുവാനും കുടിശിക ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. സമിതി (2014-2016)യുടെ ഒൻപതാമത് റിപ്പോർട്ട് (ഫയൽ നമ്പർ 5766/ സി.പി.എൽ. 2/2015/ലെജി.), സമിതി (2019-2021) യുടെ മൂന്നാമത് റിപ്പോർട്ട് (കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക റിപ്പോർട്ട്) (ഫയൽ നമ്പർ 102/സി.പി.എൽ.2/2020/ലെജി.) എന്നീ റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയതിൽ കാലതാമസം വരുത്തിയത് വകുപ്പിന്റെ ഗുരുതര വീഴ്ചയാണെന്നും സമിതി (2014-2016) യുടെ ഒൻപതാമത് റിപ്പോർട്ടിന്റെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ എട്ട് വർഷത്തോളം കാലതാമസം വരുത്തിയത് നീതീകരിക്കാനാവില്ലെന്നും സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റ് അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18-12-2023-ലെ പി.എ.സി.ബി1./ 77/23/പി. എ.സി. നമ്പർ സർക്കുലർ കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## റിപ്പോർട്ടുകൾ നൽകാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ

### 1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ് (NISH)

23. 1955-ലെ 12-ാമത് തിരുവിതാംകൂർ- കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം 1997-ൽ രൂപീകൃതമായ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ് .

24. സ്ഥാപനത്തിന്റെ ആക്ടിൽ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലെങ്കിലും ഒറ്റത്തവണയായി അൻപത് ലക്ഷം രൂപയോ ആവർത്തികമായി 25 ലക്ഷം രൂപയോ അതിൽ കൂടുതലോ ഗവൺമെന്റിൽ നിന്നും വാർഷിക ഗ്രാന്റായി സ്വീകരിക്കുന്ന സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ടെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി)-യിൽ പ്രസ്താവിക്കുന്നതിനാൽ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും കൃത്യമായി നിയമസഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR)**

25. 1955-ലെ 12-ാമത് തിരുവിതാംകൂർ- കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം 2013-ൽ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത സ്വയംഭരണ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR).

26. ബൈലോയിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്നത് അറിയില്ലായിരുന്നുവെന്നും എല്ലാ റിപ്പോർട്ടുകളും ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അവ എത്രയും വേഗം സമിതിക്ക് സമർപ്പിക്കുന്നതാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിക്ക് തെളിവെടുപ്പ് വേളയിൽ ഉറപ്പു നൽകിയിരുന്നു.

27. സ്ഥാപനത്തിന്റെ ആക്ടിൽ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലെങ്കിലും ഒറ്റത്തവണയായി അൻപത് ലക്ഷം രൂപയോ ആവർത്തികമായി 25 ലക്ഷം രൂപയോ അതിൽ കൂടുതലോ ഗവൺമെന്റിൽ നിന്നും വാർഷിക ഗ്രാന്റായി സ്വീകരിക്കുന്ന സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ടെന്ന് <u>നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി)-യിൽ പ്രസ്താവിക്കുന്നതിനാൽ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും കൃത്യമായി നിയമസഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**3. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്**

28. വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിനും അത് പ്രാരംഭത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കുന്നതിനും വൈകല്യമുള്ളവരുടെ പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കായുള്ള വിവിധ പരിപാടികൾ നടപ്പിലാക്കുക എന്നതുമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസെബിലിറ്റീസിന്റെ ലക്ഷ്യം.

29. സർക്കാർ ഉത്തരവ് (കൈ) നം.46/2012/എസ്.ഡബ്ല്യു.ഡി തീയതി 30-7-2012 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനും ആരോഗ്യം, സാമൂഹ്യനീതി, വിദ്യാഭ്യാസം, ധനകാര്യം, പ്ലാനിംഗ് സെക്രട്ടറിമാരും സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറും ചേർന്ന് എംപവേർഡ് കമ്മിറ്റി രൂപീകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന് രൂപം നൽകിയത്. സർക്കാർ ഉത്തരവ് (സാധാ) നം.185/2013/ സാ.നീ.വ തീയതി 20-4-2013 പ്രകാരം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ

പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ നോഡൽ ഏജൻസിയായും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ പ്രോജക്ട് ഡയറക്ടറായും താൽക്കാലിക ചുമതല നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സബ്‌മിഷനായി പ്രവർത്തിക്കുന്നതിനാൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രത്യേകം രജിസ്റ്റർ ചെയ്തിട്ടില്ല.

30. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ റിപ്പോർട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണെന്ന് സമിതി നിർദേശിക്കുന്നു.

**4. ഓർഫനേജ് കൺട്രോൾ ബോർഡ്**

31. 1960-ലെ അനാഥാലയങ്ങളും മറ്റ് ചാരിറ്റബിൾ ഹോമുകളും (മേൽനോട്ടവും നിയന്ത്രണവും) ആക്ട് പ്രകാരം സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഓർഫനേജ് കൺട്രോൾ ബോർഡ്.

32. സ്ഥാപനം ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് യോഗത്തിൽ അറിയിച്ച 2022-23 വരെയുള്ള റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി വകുപ്പിനോട് നിർദേശിക്കുന്നു.

33. സ്ഥാപനത്തിന്റെ ആക്ടിൽ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലെങ്കിലും ഒറ്റത്തവണയായി അൻപത് ലക്ഷം രൂപയോ ആവർത്തികമായി 25 ലക്ഷം രൂപയോ അതിൽ കൂടുതലോ ഗവൺമെന്റിൽനിന്നും വാർഷിക ഗ്രാന്റായി സ്വീകരിക്കുന്ന സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ടെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി)-യിൽ പ്രസ്താവിക്കുന്നതിനാൽ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും കൃത്യമായി നിയമസഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. 2020 മുതൽ 2023 വരെ സാമൂഹ്യനീതി വകുപ്പിൽനിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളിൽ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്ത 679/2021, 611/2023, 1160/2023 എന്നീ എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശം സാമൂഹ്യനീതി വകുപ്പിൽ നിന്നും തെളിവെടുപ്പ് ദിവസം രാവിലെയാണ് സമിതിക്ക് ലഭ്യമാക്കിയത്. ഓരോ വർഷവും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ-.കളെല്ലാം തന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നുണ്ടോയെന്ന് വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വകുപ്പിനുള്ള പൊതുനിർദേശം**

35. വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾകൊണ്ട് സാമാജികർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ റിപ്പോർട്ടുകൾ കൃത്യനിഷ്ഠയോടുകൂടി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. കുടിശിക റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ അതാത് വർഷം തന്നെ തയ്യാറാക്കി ചട്ടപ്രകാരം സഭയിൽ സമർപ്പിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദേശം നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

37. ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

38. നിശ്ചിത സമയപരിധികഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാലതാമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്ന് സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013 -ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം 1) മാതൃകയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിനുശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

41. റിപ്പോർട്ടുകളോ അധികവിവരമോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും നിരവധി കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്വമില്ലായ്മയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കത്തുകൾക്ക് പ്രാധാന്യം നൽകി മറുപടി നൽകാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

42. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-2021) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന്

ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-2021) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം 2 ആയി ചേർക്കുന്നു.

43. ധനകാര്യ(പി.എ.സി) വകുപ്പിന്റെ 14-11-2008-ലെ 77/08/ധന. നമ്പർ സർക്കുലറിലെ 5-ാമത്തെ നിർദേശമായ എസ്.ആർ.ഒ.-കൾ, നോട്ടിഫിക്കേഷനുകൾ എന്നിവ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗത്തിലും അവയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് മൂന്നു മാസത്തിലൊരിക്കൽ വകുപ്പു സെക്രട്ടറിയെക്കൊണ്ട് പരിശോധന നടത്തണമെന്ന് നിർദേശിക്കാൻ പാലിക്കേണ്ടതാണ്.

പി. സി. വിഷ്ണുനാഥ്,

*ചെയർപേഴ്സൺ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2025 ഒക്ടോബർ 8.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.